**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2059 10.10.2011 ൽ മറുപടിക്ക്.**

**<u>നെന്മാറ സി.എച്ച്.സി.</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| **എ)**<br>നെന്മാറ സി.എച്ച്.സി.-യിൽ ഏതെല്ലാം വിഭാഗത്തിലാണ് ഡോക്ടർമാരുടെ തസ്തികയുള്ളത്; നിലവിൽ ഏതെങ്കിലും തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോ; | **എ)**<br>നെന്മാറ സി.എച്ച്.സി. യിൽ 2 സിവിൽ സർജനും 3 അസിസ്റ്റന്റ് സർജന്മാരുമാണുള്ളത്. അതിൽ 2 സിവിൽ സർജന്റെ തസ്തികയും 1 അസിസ്റ്റന്റ് സർജന്റെ തസ്തികയും ഒഴിഞ്ഞുകിടക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രം വണ്ണമടയിൽ നിന്നും 1 അസിസ്റ്റന്റ് സർജനും പ്രാഥമികാരോഗ്യകേന്ദ്രം പെരിങ്ങോട്ടുകുറിശ്ശി യിൽ നിന്നും 1 അസിസ്റ്റന്റ് സർജനും കെ.എ.പി മുട്ടിക്കുളങ്ങരയിൽ നിന്നും 1 അസിസ്റ്റന്റ് സർജനും ഡിപ്ലോയ്മെന്റിൽ നെന്മാറ സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ ജോലി ചെയ്തു വരുന്നു. |
| **ബി)**<br>രോഗികൾക്ക് ആവശ്യമായ എന്തെല്ലാം സൗകര്യങ്ങളാണ് ആശുപത്രിയിൽ ഉള്ളത്; | **ബി)**<br>ആശുപത്രിയിൽ ലബോറട്ടറി പ്രവർത്തിച്ചു വരുന്നുണ്ട്. എക്സ്റേ, ആംബുലൻസ് എന്നീ സൗകര്യവും രോഗികൾക്കായി നിലവിലുണ്ട്. കൂടാതെ ആശുപത്രിയിൽ രോഗികൾക്കായി ഒ.പി., ഐ.പി., ഫാർമസി എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഒ.പി.യിൽ വരുന്ന രോഗികൾക്കായി ഇരിക്കുന്നതിന് വെയിറ്റിംഗ് ഹാൾ നിർമ്മിച്ചിട്ടുണ്ട്. |
| **സി)**<br>ലാബ്, എക്സ്റേ യൂണിറ്റ്, എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇവയുടെ പ്രവർത്തനം നടത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | **സി)**<br>രോഗികൾക്കായി ലാബിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. എക്സ്റേ ടെക്നീഷ്യൻ ഇല്ലാത്തതുകൊണ്ട് എക്സ്റേ പ്രവർത്തിക്കു ന്നില്ല. എക്സ്റേ ടെക്നീഷ്യന്റെ ഒഴിവ് നികത്താൻ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |

Ajaye Neben

**സെക്ഷൻ ഓഫീസർ**